07
2024
സെപ്റ്റംബർ
ശനി
ചിങ്ങം 22

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.261 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-261 പേജ് 4. വില 2.00 രൂപ

02 പുതിയ വിജ്ഞാപനം വരുന്നതു വരെ ആരിഫ് മുഹമ്മദ് ഖാൻ ഗവർണറായി തുടരും

03 അൻവറിന്റെ ആരോപണങ്ങളിൽ വേണ്ടത് ഭരണതലത്തിലുള്ള അന്വേഷണം: എം.വി.ഗോവിന്ദൻ

04 തിരുവനന്തപുരത്ത് ഓണാഘോഷം 13 മുതൽ

# സർക്കാർ ഇടപെടൽ വിലക്കയറ്റം പിടിച്ചുനിർത്തി

സർക്കാരിന്റെ ഫലപ്രദമായ വിപണി ഇടപെടൽ വിലക്കയറ്റം പിടിച്ചുനിർത്താൻ സഹായകരമായതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കൺസ്യൂമർഫെഡ് ഓണം സഹകരണ വിപണിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. വിലക്കയറ്റം കുറഞ്ഞ തോതിൽ അനുഭവപ്പെടുന്ന സംസ്ഥാനമാണ് കേരളം. സർക്കാർ ഇടപെടലിലൂടെയാണിത് സംഭവിക്കുന്നത്. വിലക്കയറ്റം പിടിച്ചു നിർത്താൻ 14,000 കോടി രൂപയാണ് സർക്കാർ ചെലവഴിച്ചത്. സഹകരണ വിപണിയിലൂടെ 60 കോടി രൂപയുടെ സാമ്പത്തികനേട്ടം സാധാരണക്കാർക്ക് ഉണ്ടാകുമെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. 100 കോടി രൂപയുടെ പരോക്ഷ വിലക്കുറവാണ് പ്രതീക്ഷിക്കുന്നത്.



കൺസ്യൂമർഫെഡ് ഓണം സഹകരണ വിപണിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു.

1500 ഓണച്ചന്തകളാണ് സഹകരണ മേഖലയിൽ സംസ്ഥാനത്ത് ആരംഭിക്കുന്നത്. 13 ഇനം സാധനങ്ങൾ സബ്സിഡി നിരക്കിലാണ് ലഭിക്കുക. നിത്യോപയോഗ സാധനങ്ങൾ ഗുണനിലവാരം ഉറപ്പാക്കിയാണ് എത്തിക്കുന്നത്. കൺസ്യൂമർഫെഡിന്റെ നിയന്ത്രണത്തിലുള്ള 166 ത്രിവേണി സ്റ്റോറുകൾ, 24 മൊബൈൽ ത്രിവേണി സ്റ്റോറുകൾ എന്നിവിടങ്ങളിലൂടെ കുറഞ്ഞവിലയ്ക്ക് സാധനങ്ങൾ ലഭിക്കും. കൂടാതെ നീതി സ്റ്റോറുകൾ വഴിയും സാധനങ്ങൾ ലഭ്യമാക്കുന്നുണ്ട്.

ഭക്ഷ്യരംഗത്തെ സബ്സിഡി രാജ്യത്ത് കുറച്ചുകൊണ്ടുവരുന്നതിന്റെ ദൂഷ്യം അനുഭവിക്കുന്നത് ജനങ്ങളാണ്. ഒരു വിഭാഗത്തിന് ആഹാരം ലഭിക്കാത്ത സ്ഥിതിയുണ്ടാകുന്നു. ആഗോള ഭക്ഷ്യസുരക്ഷാ പട്ടികയിൽ 68 ാം സ്ഥാനത്തായിരുന്ന രാജ്യം ഇപ്പോൾ 111 ാം സ്ഥാനത്താണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

സഹകരണമന്ത്രി വി. എൻ. വാസവൻ അധ്യക്ഷത വഹിച്ചു. ആന്റണി രാജു എം. എൽ. എ ത്രിവേണി ഉത്പന്നങ്ങളുടെ വിതരണോദ്ഘാടനം നിർവഹിച്ചു. കൺസ്യൂമർഫെഡ് ചെയർമാൻ എം. മെഹബൂബ്, സഹകരണ രജിസ്ട്രാൽ ഡോ. സജിത്ബാബു, സഹകരണ ഓഡിറ്റ് ഡയറക്ടർ ഷെറിൻ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.



## യുദ്ധക്കപ്പൽ ഐഎൻഎസ് കബ്രാ വിഴിഞ്ഞത്ത്

വിഴിഞ്ഞം : തീരസംരക്ഷണം ഉറപ്പുവരുത്താൻ നാവിക സേനയുടെ ആധുനിക യുദ്ധക്കപ്പൽ ഐഎൻഎസ്. കബ്രാ വിഴിഞ്ഞത്തെത്തി.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം യാഥാർഥ്യമായതോടെയുള്ള സുരക്ഷ ലക്ഷ്യമാക്കിയാണു കൊച്ചിയിൽനിന്ന് ഇന്നലെ വിഴിഞ്ഞം തുറമുഖത്ത് നങ്കൂരമിട്ടത്. ക്യാപ്റ്റൻ സിന്ധാന്ദ് വാങ്കഡെ യുടെ നേതൃത്വത്തിൽ 51 നവികരുമായാണു വരവ്.

കഴിഞ്ഞ മാസം ഐഎൻഎസ് കൽപ്പേനിയും വന്നു മടങ്ങിയിരുന്നു. സുരക്ഷാ നിരീക്ഷണങ്ങൾക്കുശേഷം ഇന്നു രാവിലെ കൊച്ചി യിലേക്കുമടങ്ങും. പോർട്ട് പർസർ വിനുലാൽ അസി. പോർട്ട് കൺസർവേറ്റർ അജിഷ് എന്നിവർ വാർഫിൽ അടുപ്പിക്കുന്നതിന് നേതൃത്വം നൽകി.

## രണ്ടു മാസത്തെ ക്ഷേമ പെൻഷൻ ഓണ സമ്മാനം

സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് സർക്കാരിന്റെ ഓണ സമ്മാനമായി രണ്ടു ഗഡു ക്ഷേമ പെൻഷൻ ലഭിക്കും. ഇതിനായി 1700 കോടി അനുവദിച്ചതായി ധനകാര്യമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു.

62 ലക്ഷത്തോളം പേർക്കാണ് ഓണത്തിന് 3200 രൂപവീതം ലഭിക്കുന്നത്. നിലവിൽ വിതരണം തുടരുന്ന ഒരു ഗഡുവിനു പുറമെയാണ് രണ്ടു ഗഡുകൂടി അനുവദിച്ചത്. ബുധനാഴ്ച മുതൽ ഇത് ഗുണഭോക്താക്കളുടെ കൈകളിലെത്തും. 26.62 ലക്ഷം പേരുടെ ബാങ്ക് അക്കൗണ്ടിൽ തുക എത്തും. മറ്റുള്ളവർക്ക് സഹകരണ ബാങ്കുകൾ വഴി വീട്ടിലെത്തി പെൻഷൻ കൈമാറും.

അനുവദിച്ച രണ്ടു ഗഡുവിൽ ഒരെണ്ണം കുടിശികയാണ്. പണഞെരുക്കം കാരണമുണ്ടായ ക്ഷേമ പെൻഷൻ കുടിശിക ഈ വർഷവും അടുത്ത വർഷവുമായി നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ വ്യക്തമാക്കിയിരുന്നു.

## ഫിഷറീസ് വകുപ്പിന്റെ അപ്രമാദിത്വം അവസാനിപ്പിക്കണം

### സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ

തിരുവനന്തപുരം: 15 വർഷം കഴിഞ്ഞ ഇരുമ്പ് ബോട്ടുകളുടെയും, 12 വർഷം കഴിഞ്ഞ മര ബോട്ടുകളുടെയും ലൈസൻസ് പുതുക്കി നൽകാതെ മത്സ്യബന്ധന മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുകയാണെന്നും ഉദ്യോഗസ്ഥരുടെ അപ്രാമദിത്യം അവസാനിപ്പിച്ച് ഈ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ തയ്യാറാകണമെന്ന് സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡണ്ട് പി സ്റ്റെല്ലസും ഫെഡറേഷൻ യൂത്ത് ജില്ലാ പ്രസിഡണ്ട് വിഴിഞ്ഞം പനയടിമ ജോണും സംയുക്ത പ്രസ്താവനയിൽ പറഞ്ഞു.

ആയിരത്തോളംവരുന്ന ബോട്ടുകൾക്ക് ഇതുവരെ ലൈസൻസ് പുതുക്കി കൊടുത്തിട്ടില്ല, എന്നാൽ 2020 നു ശേഷം ലൈസൻസ് നൽകുന്നതിൽ ചില നിയന്ത്രണങ്ങൾ ഫിഷറീസ് വകുപ്പ് പടിച്ചേൽപ്പിച്ചത് മൂലം മീൻപിടുത്ത മേഖല ആകെ പ്രതിസന്ധിയിൽ ആക്കിയിരിക്കുകയാണെന്ന് ഫെഡറേഷൻ. വീണ്ടും 2022 ൽ മാറ്റങ്ങൾ വരുത്തി ഉത്തരവിൽ കൊണ്ടുവന്ന



പരിഷ്കാരങ്ങളുീ പ്രായോഗികമല്ലെന്ന് ഫെഡറേഷൻ ചൂണ്ടിക്കാണിച്ചിരുന്നു.

എന്നാൽ പഴയ ബോട്ടുകളുടെ ഫിറ്റ്നസ് മാരിടൈം ബോർഡ് പരിശോധിച്ച് ഉറപ്പുവരുത്തണം എന്നായിരുന്നു വകുപ്പിന്റെ വ്യവസ്ഥ, ഈ ബോട്ടുകൾ മീൻപിടുത്തത്തിന് പോകുമ്പോൾ മുഴുവൻ മത്സ്യതൊഴാളികൾക്കും ക്ഷേമനിധി ബോർഡ് അംഗത്വം ഉള്ളവർ ആയിരിക്കണം എന്നാണ് പറഞ്ഞിരിക്കുന്നത്. അംഗത്വമില്ലാത്ത തൊഴിലാളികളെ കിട്ടണമെങ്കിൽ അന്യസംസ്ഥാന തൊഴിലാളികൾ ആശ്രയിക്കേണ്ടി വരും അവർക്കും അംഗത്വം വേണമെന്നാണ് വകുപ്പിന് നിലപാട്,

എന്നാൽ ഇവർക്കും അംഗത്വം കൊടുക്കാനുള്ള വ്യവസ്ഥയും ഇല്ല. ബോട്ടുകൾ കടലിൽ ഇറക്കണമെങ്കിൽ അന്യ സംസ്ഥാന തൊഴിലാളികളെ ആശ്രയിച്ചേ പറ്റുള്ളൂ, ലൈസൻസ് ഇല്ലാത്ത ബോട്ടുകൾക്ക് ഇൻഷുറൻസും കമ്പനികൾ നൽകാറില്ല, ഫിഷറീസ് ഡിപ്പാർട്ട്മെന്റ് രജിസ്ട്രേഷനും പുതുക്കാറില്ല. അപകടങ്ങൾ സംഭവിച്ചാൽ കിട്ടാറുമില്ല,കൊടുക്കാറുമില്ല. കേരള തീരത്ത് ഉടനീളം ഈ പഴക്കം ചെന്ന ബോട്ടുകളിൽ 10000 ത്തോളം തൊഴിലാളിയാണ് ദിനംപ്രതി ജീവിച്ചു പോകുന്നത്. ലൈസൻസില്ലാത്ത ബോട്ടുകൾ കടലിൽ പോയാൽ നഷ്ടപരിഹാരം നൽകാറില്ല, ലൈസൻസില്ലാത്ത ബോട്ടുകൾ മീൻ പിടുത്തത്തിന് പോയാൽ ഫിഷറീസ് വകുപ്പ് പരിശോധിച്ചു പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്.

നിലവിലെ ബോട്ടുകൾക്ക് പകരം പുതിയ ബോട്ട് വാങ്ങണമെങ്കിൽ 50 ലക്ഷത്തോളം രൂപ വേണ്ടിവരും എന്നാൽ അവർക്കു യാനങ്ങൾ വാങ്ങാൻ സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. പഴയ ബോട്ടുകൾക്ക് 1500 രൂപ മുതൽ 2000രൂപയാണ് ലൈസൻസ് ഫീസ് അടയ്ക്കുന്നത്. ഇപ്പോൾ പുതിയ ബോട്ടുകൾക്ക് 25000 ഫീസും വകുപ്പ് നിശ്ചയിച്ചിട്ടുണ്ട്,ഈ സാമ്പത്തിക ബാധ്യത ഇവർക്ക് താങ്ങാൻ കഴിയില്ല സർക്കാരും ഫിഷറീസ് വകുപ്പും അടിയന്തരമായി ഇടപെട്ട് നിലവിലുള്ള ബോട്ടുകൾക്ക് കാലാവധി നീട്ടി കൊടുക്കുവാനുള്ള നടപടിഅടിയന്തരമായി ഉണ്ടാകണമെന്ന് സംയുക്ത പ്രസ്താവനയിൽ ഇരു നേതാക്കളും ആവശ്യപ്പെട്ടു.

## തീരമേഖലകളിലെ ലൈഫ് ഗാർഡുമാർക്ക് സുരക്ഷാ ഉപകരണങ്ങളില്ല

### കൂട്ട ധർണ സംഘടിപ്പിച്ചു

നേമം: കേരളത്തിൽ കാസർഗോഡ് ബേക്കൽ മുതൽ കോവളം വരെയുള്ള കടലോര തീര മേഖലകളിൽ ലൈഫ് ഗാർഡുമാരായി ജോലി നോക്കുന്ന ടൂറിസം വകുപ്പിന് കീഴിലുള്ള തൊഴിലാളികൾക്കു റെസ്ക്യൂ ഉപകരണങ്ങളും സുരക്ഷാ സംവിധാനങ്ങളും ഇല്ലാത്തതിനാൽ തുടർച്ചയായ പ്രക്ഷോഭ സമരം ആരംഭിക്കുന്നതിന്റെ ഭാഗമായി ടൂറിസം ഡയറക്ടറിന് മുമ്പിൽ പ്രതിഷേധക്കാർ കൂട്ട ധർണ നടത്തി.

വിനോദസഞ്ചാരികളുടെയും ലൈഫ് ഗാർഡുമാരുടെയും ജീവൻ രക്ഷയ്ക്ക് അത്യാവശ്യമായ റെസ്ക്യൂ ഉപകരണങ്ങൾ വിതരണം ചെയ്യുക, യൂണിഫോം അനുവദിക്കുക, കടലോരങ്ങളിൽ ടൂറിസം പോലീസിനെ വിന്യസിപ്പിക്കുക, ടൂറിസം മന്ത്രി തലത്തിൽ ചർച്ചചെയ്ത് ഉറപ്പ് നൽകിയ വാഗ്ദാനങ്ങൾ സർക്കാർ നടപ്പിലാക്കുക, ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം ആരംഭിക്കുന്നത്.

ടൂറിസം ഡയറക്ടറേറ്റിന് മുന്നിൽ നടന്ന കൂട്ട ധർണ ഐഎൻടിയുസി അഖിലേന്ത്യാ സെക്രട്ടറിയും കേരളാ ലൈഫ് ഗാർഡ് എംപ്ലോയീസ് യൂണിയൻ പ്രസിഡൻറുമായ വി.ആർ.പ്രതാപൻ ഉദ്ഘാടനം ചെയ്തു. യൂണിയൻ വർക്കിംഗ് പ്രസിഡൻറ് എസ്.സുന്ദരേശൻ അധ്യക്ഷത വഹിച്ചു. റോജിൻ ഗോമസ്, ബാബുജി, നിസാറുദ്ദീൻ, ജോണി ജോസ്, നാലപ്പാട്, എം.എസ്. താജുദ്ദീൻ , വഴിമുക്ക് സെയ്യദലി, അമൽദേവ്, എ.ഹക്കീം എന്നിവർ പ്രസംഗിച്ചു.




## ജീവനക്കാർക്ക് 4000 രൂപ ബോണസ്; 2750 രൂപ ഉത്സവ ബത്ത

ഓണം പ്രമാണിച്ച് സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും 4000 രൂപ ബോണസ് ലഭിക്കും. ബോണസിന് അർഹത ഇല്ലാത്തവർക്ക് പ്രത്യേക ഉത്സവബത്തയായി 2750 രൂപയും നൽകുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു.

സർവീസ് പെൻഷൻകാർക്കും പ്രത്യേക ഉത്സവബത്തയായി 1000 രൂപ അനുവദിച്ചു. പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം വിരമിച്ച ജീവനക്കാർക്കും പ്രത്യേക ഉത്സവ ബത്ത ലഭിക്കും.

# പാപ്പനംകോട് തീപിടിത്തം: ഭാര്യയെ തീകൊളുത്തിയതിനുശേഷം ഭർത്താവ് ജീവനൊടുക്കിയതുതന്നെ

നേമം: പാപ്പനംകോട് ഇൻഷ്വറൻസ് ഏജൻസി ഓഫീസിൽ തീപ്പിടിച്ച് ജീവനക്കാരിയടക്കം രണ്ടു പേർ മരിച്ച സംഭവം ഭാര്യയെ തീയിട്ടുകൊന്ന ശേഷം ഭർത്താവ് ജീവനൊടുക്കിയതെന്ന കണ്ടെത്തലിൽ പോലീസ്.

തീപിടിത്തത്തിൽ ജീവനക്കാരിയായ പാപ്പനംകോട് ദിക്കുബലിക്കളം റോഡിൽ നടുവത്ത് ശിവപ്രസാദത്തിൽ വൈഷ്ണ(35)യാണ് മരിച്ചത്. കൂടെ മരിച്ചതു വൈഷ്ണയുടെ രണ്ടാം ഭർത്താവ് നരുവാമൂട് സ്വദേശി ബിനുവാണെന്നാണ് പോലീസിനു ലഭിച്ച തെളിവുകൾ. ഡിഎൻഎ ഫലംവന്ന ശേഷമേ മരിച്ചത് ബിനുവാണെന്ന കാര്യം ഉറപ്പിക്കൂ.

തീപിടിത്തത്തിൽ രണ്ടുപേരുടെയും മൃതദേഹങ്ങൾ തിരിച്ചറിയനാവാത്ത വിധത്തിൽ കത്തിക്കരിഞ്ഞിരുന്നു. സംഭവത്തിനു കുറച്ചുസമയം മുമ്പ് ബിനു നരുവാമൂട്ടിൽനിന്നും ഓട്ടോയിൽ പഴയകാരയ്ക്കാമണ്ഡപത്ത് ഇറങ്ങി ഏജൻസി ഓഫീസ് പ്രവർത്തിക്കുന്ന പാപ്പനംകോട് ഭാഗത്തേയ്ക്കു നടന്നു വരുന്നതിന്റെ ദൃശ്യങ്ങൾ പോലീസിനു ലഭിച്ചു.

പെയിൻറിംഗ് തൊഴിലാളിയായ ബിനു ടിന്നർ പോലുള്ള ദ്രാവകവും മണ്ണെണ്ണയും തീയിടാൻ ഉപയോഗിച്ചെന്നാണ് സംശയിക്കുന്നത്. ബിനുവിൻറേതെന്നു സംശയിക്കുന്ന മൃതദേഹം ഡിഎൻഎ പരിശോധനയ്ക്കായി മെഡിക്കൽകോളജ് മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണ്.വൈഷ്ണ നാലുവർഷം മുമ്പ് ആദ്യ വിവാഹബന്ധം വേർപെടുത്തിയിരുന്നു. പിന്നീടാണ് ബിനുവിനെ വിവാഹം കഴിച്ചത്. എന്നാൽ ബിനുമായുള്ള വിവാഹബന്ധം വേർപ്പെടുത്താൻ വൈഷ്ണ കോടതിയെ സമീപിക്കുകയും അതിന്റെ നടപടികൾ നടന്നുവരികയും ചെയ്യുന്നതിനിടെയാണ് നിലവിലെ സംഭവങ്ങളുണ്ടായത്.

പല തവണ ബിനു വൈഷ്ണയുടെ വീട്ടിലും ജോലി ചെയ്യുന്ന ഏജൻസി ഓഫീസിലുമെത്തി ഭീഷണി മുഴക്കിയിരുന്നതായി ബന്ധുക്കൾ പറഞ്ഞു. വൈഷ്ണയുടെ സഹോദരനു പലപ്പോഴും ഫോണിൽ ഭീഷണി സന്ദേശങ്ങളും അയയ് ക്കാറുണ്ടായിരുന്നു. ബിനുവിന്റെ ഭീഷണി ഭയന്നു കുറച്ചുനാൾ മുമ്പ് വൈഷ്ണ സ്വയംരക്ഷയ്ക്ക് മുളകുപൊടി സ്പ്രേ കൈയിൽ കരുതുമായിരുന്നുവെന്ന് ഏജൻസി ഉടമയും പറഞ്ഞു.

ആറു വർഷത്തിലധികമായി വൈഷ്ണ ഈ സ്ഥാപനത്തിൽ ജോലി ചെയ്ത് വരികയാണ്. പാപ്പനംകോട് ഇൻഷ്വറൻസ് ഏജൻസി ഓഫീസിലുണ്ടായ തീപ്പിടിത്തത്തിൽ ആറുലക്ഷം രൂപയുടെ നഷ്ടമുണ്ടായതായി നടത്തിപ്പുകാരൻ മണി പറഞ്ഞു. ഓഫീസിലുണ്ടായിരുന്ന രേഖകളെല്ലാം നശിച്ചു. പണമായി ലഭിച്ച 50,000 രൂപയും കത്തി നശിച്ചു. ഫർണിച്ചറുകളും ഇലക്ട്രോണിക്സ് സാധനങ്ങളും കത്തിപോയി.

വൈഷ്ണയ്ക്ക് യാത്രാമൊഴിയേകി നാട്

നേമം: പാപ്പനംകോട് അഷ്വറൻസ് ഏജൻസി ഓഫീസിൽ കൊല്ലപ്പെട്ട വൈഷ്ണയ്ക്ക് യാത്രമൊഴി. മെഡിക്കൽകോളജ് ആശുപത്രിയിൽ പരിശോധനയ്ക്കുശേഷം ബുധനാഴ്ച ഉച്ചയ് ക്ക് രണ്ടു മണിയോടുകൂടി പാപ്പനംകോട്ടെ വാടക വീട്ടിൽ കൊണ്ടുവന്ന മൃതദേഹത്തിൽ ബന്ധുക്കളും നാട്ടുകാരും അന്ത്യാഞ്ജലി അർപ്പിച്ചു.

ചൊവ്വാഴ്ച ഉച്ചയ്ക്കായിരുന്നു തീ വയ്പ്പ് സംഭവം നടന്നത്. മൃതദേഹം വീട്ടിലെത്തിച്ചപ്പോഴേക്കും അമ്മ സുധകലയും മക്കളും വൈഷ്ണയെ ഒരു നോക്ക് കാണാൻ കഴിയാതെ പൊട്ടിക്കരഞ്ഞു. സംഭവദിവസം കിഴക്കേകോട്ടയിൽ പോയി മടങ്ങി വരുന്നതിനിടെ വൈഷ്ണയുടെ അമ്മ സുധകല മകൾ ജോലി ചെയ്യുന്ന ഓഫീസിൽ നിന്നും തീയും പുകയും വരുന്നതു ബസിലിരുന്ന് കണ്ടിരുന്നു.

മകളാണ് കൺമുന്നിൽ കത്തിയെരിയുന്നതറിയാതെ അമ്മ മകൻ വിഷ്ണുവിനെ വിളിച്ച് വിവരം പറയുകയായിരുന്നു. വീട്ടിൽ പൊതുദർശനത്തിനു ശേഷം രണ്ടരയോടെ തൈയ്ക്കാട് ശാന്തികവാടത്തിൽ സംസ്കരിച്ചു. വൈഷ്ണയുടെ മകൻ ദേവദേവൻ ചടങ്ങുകൾ നടത്തി.

# ‘ആരോപണത്തിനു പിന്നിൽ ഗൂഢാലോചന’: ഡിജിപിക്ക് പരാതി നൽകി നിവിൻ പോളി, ഹൈക്കോടതിയെയും സമീപിക്കും

തിരുവനന്തപുരം: സിനിമയിൽ അവസരം വാഗ്ദാനം ചെയ്ത് ലൈംഗികമായി പീഡിപ്പിച്ചെന്ന യുവതിയുടെ ആരോപണത്തിൽ ഡിജിപിക്ക് പരാതി നൽകി നടൻ നിവിൻ പോളി. യുവതിയുടെ വ്യാജ ആരോപണമാണെന്നും ഗൂഢാലോചനയുടെ ഭാഗമാണെന്നുമാണ് നിവിൻ പരാതിയിൽ പറയുന്നത്.

അതേസമയം, കേസിൽ മുൻകൂർ ജാമ്യം തേടി നിവിൻ ഇന്ന് ഹൈക്കോടതിയെ സമീപിച്ചേക്കും. തനിക്ക് പെൺകുട്ടിയെ അറിയില്ലെന്നും പരാതിക്ക് പിന്നിൽ ഗൂഢാലോചനയുണ്ടെന്നുമാണ് നിവിൻ പോളിയുടെ നിലപാട്. ഇതുമായി ബന്ധപ്പെട്ട് മുതിർന്ന അഭിഭാഷകനുമായി നടൻ കൂടിക്കാഴ്ച നടത്തി.

തന്റെ പരാതി കൂടി സ്പെഷൽ ഇൻവെസ്റ്റിഗേഷൻ ടീം പരിശോധിച്ച് നിലപാടിലെത്തണമെന്നതടക്കമുള്ള ആവശ്യങ്ങളാണ് നിവിൻ മുന്നോട്ട് വയ്ക്കുന്നത്.

അഭിനയിക്കാൻ അവസരം നൽകി ദുബായിയിൽ വച്ച് നിവിൻ പോളി ഉൾപ്പെടെയുള്ള പ്രതികൾ പീഡിപ്പിച്ചെന്നാണ് എറണാകുളം ഊന്നുകൽ സ്വദേശിനിയായ യുവതിയുടെ പരാതി. സിനിമയിൽ അവസരം വാഗ്ദാനം ചെയ്യുകയും യൂറോപ്പിൽ ജോലി വാഗ്ദാനം ചെയ്യുകയും ചെയ്തു. അതിന് ശേഷം ദുബായിയിൽ കൊണ്ടുപോയി ജ്യൂസിൽ മയക്കുമരുന്ന് ചേർത്ത് നൽകി പീഡിപ്പിക്കുകയായിരുന്നുവെന്നും പരാതിയിൽ പറയുന്നു.

പോലീസ് ജാമ്യമില്ലാ വകുപ്പ് പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. കേസിൽ ആറാം പ്രതിയാണ് നിവിൻ. കേസിൽ അന്വേഷണത്തിന് പ്രത്യേക സംഘത്തെ ഇന്ന് നിയോഗിച്ചേക്കും.

# ബിജെപിയെ ജയിപ്പിക്കാൻ തൃശൂർ പൂരം കലക്കിയത് മുഖ്യമന്ത്രി: വി.ഡി. സതീശൻ

തിരുവനന്തപുരം: തൃശൂരിൽ ബിജെപിയെ ജയിപ്പിക്കാൻ പോലീസിനെ ഉപയോഗിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ പൂരം കലക്കിയെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ.

തൃശൂർ പാറമേക്കാവ് വിദ്യാമന്ദിർ സ്കൂളിൽ നടന്ന ആർഎസ്എസ് ക്യാന്പിൽ പങ്കെടുത്ത ആർഎസ്എസ് ജനറൽ സെക്രട്ടറി ദത്താത്രേയ ഹൊസബലെയെ കാണാൻ എഡിജിപി എം.ആർ. അജിത്കുമാറിനെ മുഖ്യമന്ത്രി പറഞ്ഞയച്ചെന്നും സതീശൻ ആരോപിച്ചു.

തൃശൂരിലെ ഹോട്ടൽ ഹയാത്തിൽ ഔദ്യോഗിക വാഹനം പാർക്ക് ചെയ്തു മറ്റൊരു കാറിലാണ് എഡിജിപി ആർഎസ്എസ് നേതാവിനെ കാണാനെത്തിയത്. ഒരു മണിക്കൂറോളം അവർ തമ്മിൽ സംസാരിച്ചു. തിരുവനന്തപുരത്തുള്ള ആർഎസ്എസ് നേതാവാണ് ഇടനിലക്കാരനായി പ്രവർത്തിച്ചത്.

കേന്ദ്ര ഏജൻസികളുടെ അന്വേഷണത്തിൽനിന്ന് ഒഴിവാകാനും തെരഞ്ഞെടുപ്പിൽ രാഷ്ട്രീയ ധാരണ ഉണ്ടാക്കാനുമായിരുന്നു കൂടിക്കാഴ്ച. പാർലമെൻറ് തെരഞ്ഞെടുപ്പിൽ ബിജെപിക്ക് അക്കൗണ്ട് തുറന്നു കൊടുക്കാമെന്ന ഉറപ്പാണു മുഖ്യമന്ത്രി നൽകിയത്.മുഖ്യമന്ത്രിക്കുവേണ്ടി എഡിജിപി തൃശൂരിൽ തങ്ങിയാണു പൂരം കലക്കിയത്.

തെരഞ്ഞെടുപ്പുകാലത്ത് ഇഡി പിടിമുറുക്കിയത് സിപിഎം നേതാക്കളുടെ കഴുത്തിലാണ്. തെരഞ്ഞെടുപ്പിൽ ജയിച്ചതോടെ കരുവന്നൂരിൽ ഒരു അന്വേഷണവുമില്ല. പൂരം കലക്കി ഹൈന്ദവ വികാരമുണ്ടാക്കിയാണ് ബിജെപി ജയിച്ചത്. അതു ബിജെപിയും സിപിഎമ്മും ആസൂത്രണം ചെയ്തു നടപ്പാക്കിയതാണെന്നും സതീശൻ ആരോപിച്ചു.

# ഓണച്ചന്തകൾ ഇന്നു മുതൽ; അരിക്ക് ഉൾപ്പെടെ വിലകൂട്ടി സപ്ലൈകോ

തിരുവനന്തപുരം: ഓണച്ചന്തകൾ ഇന്ന് ആരംഭിക്കാനിരിക്കെ ഇരുട്ടടിയുമായി സപ്ലൈകോ. അരി ഉൾപ്പെടെ മൂന്ന് സബ്സിഡി സാധനങ്ങൾക്ക് വില കൂട്ടി.

കുറുവ അരിയുടെ വില കിലോയ്ക്ക് 30 രൂപയിൽനിന്നു 33 രൂപയാക്കി. മട്ട അരിക്കും മൂന്നു രൂപ കൂട്ടിയിരുന്നു. തുവരപ്പരിപ്പിന്റെ വില 111 രൂപയിൽ നിന്ന് 115 രൂപയായി. പഞ്ചസാരയ്ക്ക് ആറു രൂപ കൂട്ടി 33 രൂപയായി ഉയർന്നു. അതേസമയം ചെറുപയറിനും വെളിച്ചെണ്ണക്കും വില കുറച്ചിട്ടുണ്ട്.

സപ്ലൈകോ വില കൂട്ടിയത് പർച്ചേസ് വില കൂടിയത് കൊണ്ടെന്നാണ് ഭക്ഷ്യവകുപ്പിന്റെ വിശദീകരണം. വില കൂടിയ സാധനങ്ങൾക്ക് ഇപ്പോഴും പൊതുവിപണിയേക്കാൾ 30 ശതമാനത്തോളം വില കുറവ് ഉണ്ടെന്നും ഭക്ഷ്യവകുപ്പ് പറയുന്നു. ഏഴു വർഷത്തിന് ശേഷമുള്ള നാമമാത്ര വർധനയെന്നാണ് മന്ത്രി ജി.ആർ. അനിൽ ന്യായീകരിച്ചത്.ഇന്നു മുതൽ 14 വരെയാണ് സപ്ലൈകോയുടെ ഓണച്ചന്തകൾ. ജില്ലാതല ചന്തകൾ വെള്ളിയാഴ്ച മുതൽ 14 വരെ നടക്കും. ചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്നു വൈകുന്നേരം അഞ്ചിന് തിരുവനന്തപുരം കിഴക്കേകോട്ട ഇ.കെ. നായനാർ പാർക്കിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഭക്ഷ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി ആദ്യവില്പന നടത്തും.13 ഇനം സബ്സിഡി സാധനങ്ങൾക്കു പുറമേ ശബരി ഉൽപന്നങ്ങളും എഫ്എംസിജി, മിൽമ, കൈത്തറി എന്നിവയുടെ ഉൽപന്നങ്ങളും പഴം, ജൈവ പച്ചക്കറികൾ എന്നിവയും മേളയിൽ 10 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ ലഭിക്കും. പ്രമുഖ ബ്രാൻഡുകളുടെ ഇരുനൂറിലധികം നിത്യോപയോഗ സാധനങ്ങൾക്കു വിലക്കുറവുണ്ടാകും.

## ലോഞ്ച് പാഡ് സംരംഭകത്വ വർക്ക്ഷോപ്പ്

പുതിയ സംരംഭം തുടങ്ങാൻ താത്പര്യമുള്ളവർക്കായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് അഞ്ച് ദിവസത്തെ ശിൽപശാല സംഘടിപ്പിക്കും. 24 മുതൽ 28 വരെ കളമശേരിയിലുള്ള ക്യാമ്പസിലാണ് പരിശീലനം. http://kied.infot/r-a-ining-calender/ ൽ ഓൺലൈനായി സെപ്റ്റംബർ 18നകം അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 04842532890, 2550322, 9188922800.



ആയിരം കെ സ്റ്റോറുകളുടെ പൂർത്തീകരണം കൂട്ടപ്പു കെ സ്റ്റോർ ഉദ്ഘാടനം ചെയ്ത് മന്ത്രി ജി ആർ അനിൽ നിർവഹിച്ചു

# കെസ്റ്റോറുകൾക്ക് ജനങ്ങൾക്കിടയിൽ വൻ സ്വീകാര്യതയെന്ന് മന്ത്രി ജി.ആർ അനിൽ

## ഓണത്തിന് മുൻപ് 1000 കെസ്റ്റോറുകളെന്ന ലക്ഷ്യം കൈവരിച്ച് സർക്കാർ കൂട്ടപ്പൂവിൽ കെസ്റ്റോർ മന്ത്രി ഉദ്ഘാടനം ചെയ്തു

സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ, കൂടുതൽ സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കി ജനോപകാരപ്രദമാക്കി ശക്തിപ്പെടുത്താൻ ലക്ഷ്യമിടുന്നതാണ് കെസ്റ്റോറുകളെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ അനിൽ പറഞ്ഞു. കെസ്റ്റോറുകൾക്ക് ഗ്രാമീണ ജനങ്ങൾക്കിടയിൽ വൻ സ്വീകാര്യതയാണ് ലഭിച്ചതെന്നും മന്ത്രി അറിയിച്ചു. ഓണത്തിന് മുൻപ് ആയിരം കെസ്റ്റോറുകളെന്ന ലക്ഷ്യത്തിന്റെ പൂർത്തീകരണവും അമ്പൂരി ഗ്രാമപഞ്ചായത്തിലെ കൂട്ടപ്പൂവിൽ പ്രവർത്തിക്കുന്ന 46ആം നമ്പർ റേഷൻ കടയെ കെസ്റ്റോറായി ഉയർത്തുന്ന ചടങ്ങും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

രണ്ടാം ഇടതുപക്ഷ സർക്കാർ നിലവിൽ വന്ന ശേഷം ഭക്ഷ്യപൊതുവിതരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിയ നിരവധി നൂതന പദ്ധതികളിൽ പ്രധാനപ്പെട്ടതാണ് കേരളാ സ്റ്റോർ. അടുത്ത ഒരു വർഷത്തിനകം രണ്ടായിരം കെസ്റ്റോറുകൾ സംസ്ഥാനത്ത് നടപ്പാക്കുമെന്നും പൊതുവിതരണരംഗത്ത് രാജ്യത്തിന് മാതൃകയായ കേരളത്തിന്റെ, റേഷൻ കടകളുടെ വൈവിധ്യവത്കരണം ലക്ഷ്യമിട്ട് നടപ്പാക്കിയ കെസ്റ്റോർ പദ്ധതിയും മാതൃക സൃഷ്ടിക്കുമെന്നും മന്ത്രി അറിയിച്ചു.

സർക്കാരിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് തയാറാക്കിയ 100 ദിന കർമ പരിപാടിയുടെ ഭാഗമാണ് ഓണത്തിന് മുൻപ് ആയിരം കെസ്റ്റോറുകൾ എന്ന പദ്ധതി. കഴിഞ്ഞ 15 മാസത്തിനുള്ളിൽ കെസ്റ്റോറുകളിലൂടെ വിവിധ സേവനങ്ങൾ വഴി 8.1 കോടി രൂപയുടെ വിൽപന യാണ് നടന്നത്. 2023 ജൂണിലാണ് കെസ്റ്റോർ പദ്ധതിക്ക് തുടക്കമാകുന്നത്.

നിലവിൽ റേഷൻ കാർഡുകൾക്ക് ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾക്ക് പുറമേ ശബരി ,മിൽമ ഉത്പന്നങ്ങളും അഞ്ച് കിലോ തൂക്കമുള്ള ഛോട്ടു ഗ്യാസ് സിലിണ്ടറുകളും കെസ്റ്റോറുകളിൽ ലഭിക്കും. ഇലക്ട്രിസിറ്റി ബിൽ, ടെലഫോൺ ബിൽ എന്നിവയുടെ അടവ്, പഞ്ചായത്ത് വില്ലേജ്സപ്ലൈ ഓഫീസുകളിൽ നിന്നുള്ള ഓൺലൈൻ സേവനങ്ങൾ ഉൾപ്പെടെ 52 ഇനം സേവനങ്ങൾ, 10,000 രൂപ വരെയുള്ള ബാങ്കിങ് സൗകര്യങ്ങൾ എന്നിവയും കെസ്റ്റോറിലുണ്ട്. കൂടാതെ വ്യവസായ,വാണിജ്യ വകുപ്പിന് കീഴിലുള്ള എം.എസ്.എം.ഇ യൂണിറ്റുകളിൽ നിന്നുള്ള ഉത്പന്നങ്ങളും കെസ്റ്റോറുകൾ വഴി വിപണനം നടത്തുന്നുണ്ട്.

കൂട്ടപ്പൂവിൽ പ്രവർത്തനമാരംഭിച്ച കെസ്റ്റോറിലെ ആദ്യ വിൽപന മന്ത്രി ജി.ആർ അനിൽ നിർവഹിച്ചു. അമ്പൂരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വത്സലാ രാജു അധ്യക്ഷയായിരുന്നു. തേക്കുപാറ വാർഡ് മെമ്പർ നിസാർ, ജില്ലാ സപ്ലൈ ഓഫീസർ അജിത്കുമാർ.കെ, താലൂക്ക് സപ്ലൈ ഓഫീസർ അനിൽ കുമാർ ജെ എന്നിവരും പങ്കെടുത്തു.

## ഡ്രീംവെസ്റ്റർ 2.0: അപേക്ഷ ക്ഷണിച്ചു

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡും (ഗടകളഇ) അസാപ് കേരളയും സംയുക്തമായി നടപ്പിലാക്കുന്ന സംരംഭകത്വ പദ്ധതിയായ ഡ്രീംവെസ്റ്റർ 2.0 യിലൂടെ പരിപാടികൾ സംഘടിപ്പിക്കുവാൻ താല്പര്യമുള്ള കോളേജുകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചുകേരളത്തിലെ കോളേജുകളിലെ വിവിധ മേഖലകളിൽ നൈപുണ്യം നേടിയ വിദ്യാർത്ഥികളെയും അവരുടെ പുത്തൻ ആശയങ്ങളെയും ഉപയോഗപ്പെടുത്തി പുതിയ സംരംഭങ്ങൾ തുടങ്ങാൻ അവരെ പ്രോത്സാഹിപ്പിക്കുന്നതിനായാണ് ഡ്രീംവെസ്റ്റർ നടത്തുന്നത്. കൂടുതൽ വിവരങ്ങൾക്ക്: https://connect.asapkerala.gov.in/events/12582.

# യുവാവ് തലയ്ക്കടിയേറ്റ് കൊല്ലപ്പെട്ട കേസ്: അമ്മയും സഹോദരനും കസ്റ്റഡിയിൽ

ഇടുക്കി: പീരുമേട്ടിൽ തലയ്ക്കടിയേറ്റ് യുവാവ് കൊല്ലപ്പെട്ട കേസിൽ അമ്മയുടെയും സഹോദരന്റെയും അറസ്റ്റ് ഇന്ന് രേഖപ്പെടുത്തും. പീരുമേട് പ്ലാക്കത്തടം പുത്തൻവീട്ടിൽ അഖിൽ ബാബുവിനെ (31) മരിച്ച നിലയിൽ കണ്ടെത്തിയ കേസിലാണ് സഹോദരൻ അജിത്തിനെയും ഇവരുടെ മാതാവിനെയും പോലീസ് കസ്റ്റഡിയിലെടുത്തത്.

ഇവരെ ചോദ്യം ചെയ്തതിനെ തുടർന്നാണ് അഖിൽ ബാബുവിനെ കമുകിൽ കെട്ടിയിട്ട ശേഷം മർദ്ദിക്കുകയായിരുന്നെന്ന് വ്യക്തമായത്. തലയ്ക്കേറ്റ അടിയിൽ ഉണ്ടായ ഗുരുതര പരിക്കാണ് മരണകാരണമായതെന്ന് കോട്ടയം മെഡിക്കൽ കോളജിൽ നടത്തിയ പരിശോധനയിൽ വ്യക്തമായിരുന്നു.

ചൊവ്വാഴ്ച വൈകുന്നേരം രാത്രി ഒൻപതോടെയായിരുന്നു സംഭവം. കമുകിൽ ഹോസ് ഉപയോഗിച്ച് കെട്ടിയിട്ട നിലയിൽ അയൽവാസികളാണ് അഖിലിനെ കണ്ടെത്തിയത്.

പീരുമേട് താലൂക്ക് ആശുപത്രിയിൽ എത്തിച്ചപ്പോഴേക്കും ഇയാൾ മരിച്ചിരുന്നു. അജിത്തും അഖിലും സ്ഥിരമായി ഇവരുടെ വീട്ടിൽ മദ്യപിച്ച് ബഹളമുണ്ടാക്കാറുണ്ടായിരുന്നു. അതിനാൽ തന്നെ ബഹളം കേട്ടാൽ അയൽവാസികൾ ശ്രദ്ധിക്കാറില്ലായിരുന്നു. ചൊവ്വാഴ്ചയും ഇവർ തമ്മിൽ വഴക്കുണ്ടായിരുന്നു.

അക്രമാസക്തനായ അഖിലിനെ കമുകിൽ കെട്ടിയിട്ട് മർദിക്കുകയായിരുന്നെന്നാണ് ഇവർ പോലീസിനു നൽകിയ മൊഴി. അറസ്റ്റു രേഖപ്പെടുത്തിയ ശേഷം പ്രതികളെ സ്ഥലത്തെത്തിച്ച് തെളിവെടുപ്പു നടത്തും.

# പുതിയ വിജ്ഞാപനം വരുന്നതു വരെ ആരിഫ് മുഹമ്മദ് ഖാൻ ഗവർണറായി തുടരും

തിരുവനന്തപുരം: കേരളത്തിലെ പുതിയ ഗവർണറുമായി ബന്ധപ്പെട്ട വിജ്ഞാപനം വരുന്നതു വരെ ആരിഫ് മുഹമ്മദ് ഖാൻ ഗവർണർ സ്ഥാനത്തു തുടരും.

ആരിഫ് മുഹമ്മദ്ഖാന്റെ അഞ്ചു വർഷ കാലാവധി ഇന്ന് പൂർത്തിയാകുന്ന സാഹചര്യത്തിലാണു തീരുമാനം.ബിജെപിയുടെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ സാധാരണയായി ഗവർണർമാർക്ക് ഒരു ടേമിൽ കൂടുതൽ നൽകാറില്ല. എന്നാൽ, പിണറായി സർക്കാരുമായി നിരന്തരം ഏറ്റുമുട്ടുന്ന ആരിഫ് മുഹമ്മദ്ഖാന് പുനർനിയമനം നൽകുമെന്ന സൂചന സജീവമാണ്.

സർക്കാർ നിയമസഭയിൽ പാസാക്കിയ ചില ബില്ലുകളിൽ ഗവർണർ ഒപ്പുവയ്ക്കാത്തതുമായി ബന്ധപ്പെട്ട കേസുകൾ സുപ്രീം കോടതിയിൽ ഉള്ള സാഹചര്യത്തിൽ ഇവ മുന്നോട്ടു കൊണ്ടുപോകാൻ ആരിഫ് മുഹമ്മദ്ഖാൻ തുടരേണ്ടത് ആവശ്യമാണെന്ന അഭിപ്രായമാണുള്ളത്.

കേരളത്തിൽ ഒരു ഗവർണർക്കും ഇതുവരെ രണ്ടു ടേം ലഭിച്ചിട്ടില്ല. ഈ മാസം അവസാനം വരെയുള്ള പരിപാടികളിലും രാജ്ഭവനിലെ സന്ദർശകർക്കും അദ്ദേഹം അനുമതി നൽകിയിട്ടുണ്ട്.

അഞ്ചുവർഷ കാലയളവിലേക്കോ അല്ലെങ്കിൽ രാഷ്ട്രപതിയുടെ പ്രീതിയുള്ളിടത്തോളമോ ഗവർണർക്ക് സ്ഥാനത്തു തുടരാനാകുമെന്നാണ് ഭരണഘടന പറയുന്നത്.



തിരുവനന്തപുരം നഗരസഭ കഴക്കൂട്ടം കൃഷി ഭവന്റെ നേതൃത്വത്തിൽ പൂഷ്പ കൃഷിയുടെ വിളവെടുപ്പ് മേയർ ആര്യ രാജേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

# അൻവറിന്റെ വെളിപ്പെടുത്തൽ: കേന്ദ്ര അന്വേഷണം ആവശ്യപ്പെട്ട ഹർജി ഹൈക്കോടതി തള്ളി

കൊച്ചി: എഡിജിപി എം.ആർ. അജിത്കുമാറിനെതിരെ പി.വി. അൻവർ എംഎൽഎ നടത്തിയ വെളിപ്പെടുത്തലിൽ കേന്ദ്ര ഏജൻസിയുടെ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജി ഹൈക്കോടതി തള്ളി.ദേശീയ സുരക്ഷയെ തന്നെ ബാധിക്കുന്നതടക്കമുള്ള കാര്യങ്ങളാണു വെളിപ്പെടുത്തിയിരിക്കുന്നതെന്നു ചൂണ്ടിക്കാട്ടി തൃശൂർ സ്വദേശിയായ പൊതുപ്രവർത്തകൻ ജോർജ് വട്ടുകുളമാണ് കോടതിയെ സമീപിച്ചത്.

സ്വർണക്കടത്ത് അടക്കമുള്ള കാര്യങ്ങൾ ബന്ധപ്പെടുത്തി എംഎൽഎ ആരോപണങ്ങൾ ഉന്നയിച്ച സാഹചര്യത്തിൽ കേന്ദ്ര ഏജൻസി അന്വേഷണം നടത്തണമെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടു.

അതേസമയം, അൻവറിന്റെ വെളിപ്പെടുത്തലുകളിൽ അന്വേഷണത്തിന് പ്രത്യേക സംഘത്തെ നിയോഗിച്ചെന്നും അന്വേഷണം ആരംഭഘട്ടത്തിലാണെന്നും സർക്കാർ കോടതിയെ അറിയിച്ചു. അന്വേഷണ സംഘം ആദ്യത്തെ യോഗം പോലും ചേരുന്നതിനു മുമ്പുതന്നെ, അന്വേഷണം ശരിയല്ലെന്ന് ആരോപിച്ചുള്ള ഹർജി പബ്ലിസിറ്റിക്ക് വേണ്ടിയാണെന്നും പ്രോസിക്യൂഷൻ വാദിച്ചു.

സർക്കാർ വാദം അംഗീകരിച്ച ആക്ടിംഗ് ചീഫ് ജസ്റ്റീസ് എ. മുഹമ്മദ് മുഷ്താഖ്, എസ്. മനു എന്നിവരുടെ ബെഞ്ച് ഹർജി അപക്വമാണെന്നു ചൂണ്ടിക്കാട്ടി തള്ളുകയായിരുന്നു.

# സ്ഥാനം യുദ്ധക്കളം; അബിൻ വർക്കിയെ വളഞ്ഞിട്ട് തല്ലി പോലീസ്, പ്രതിഷേധക്കാർക്കൊപ്പം ചേർന്ന് സുധാകരൻ

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് സെക്രട്ടേറിയറ്റിലേക്ക് നടത്തിയ മാ!ർച്ച് സംഘർഷത്തെ തുടർന്ന് അവസാനിപ്പിച്ചു. യൂത്ത് കോൺഗ്രസ് വൈസ് പ്രസിഡൻറ് അബിൻ വർക്കിയെ പോലീസ് വളഞ്ഞിട്ട് തല്ലിയതോടെ കോൺഗ്രസ് അധ്യക്ഷൻ കെ. സുധാകരനും എം. ലിജുവുമുൾപ്പെടെയുള്ള നേതാക്കൾ സ്ഥലത്തെത്തിയിരുന്നു.

പിന്നീട്, അബിൻ വർക്കിയെ തല്ലിയ കൻറോൺമെൻറ് എസ്ഐ ആയ ഷിജുവിനെതിരേ നടപടിയെടുക്കണമെന്നാവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് പ്രവർത്തകർ പ്രതിഷേധം തുടരാൻ തീരുമാനിക്കുകയായിരുന്നു.

പരിക്കേറ്റ അബിനെ ആശുപത്രിയിലേക്ക് മാറ്റി. പ്രദേശത്ത് സംഘർഷത്തിന് അയവു വന്നതോടെ പ്രതിഷേധ സമരം അവസാനിപ്പിച്ച് പ്രവർത്തകർ പിരിഞ്ഞുപോയി.

എഡിജിപി എം.ആർ. അജിത്കുമാറിനെതിരേയും പി. ശശിക്കെതിരേയും പി.വി. അൻവർ എംഎൽഎ ഉയർത്തിയ ആരോപണങ്ങളുടെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ടാണ് യൂത്ത് കോൺഗ്രസ് വിവിധ ജില്ലകളിൽ പ്രതിഷേധ മാർച്ച് നടത്തിയത്.

യൂത്ത് കോൺഗ്രസ് സംസ്ഥാനധ്യക്ഷൻ രാഹുൽ മാങ്കൂട്ടത്തിൽ, അബിൻ വർക്കി എന്നിവരുടെ നേതൃത്വത്തിലായിരുന്നു സെക്രട്ടേറിയറ്റിലേക്ക് മാർച്ച് നടത്തിയത്. ബാരിക്കേഡുകൾ മറിച്ചിടാൻ ശ്രമിച്ച പ്രവർത്തകർക്കു നേരെ പോലീസ് ലാത്തി വീശി. ജലപീരങ്കി പ്രയോഗിച്ചു. എന്നാൽ പ്രവർത്തകർ പിരിഞ്ഞുപോകാൻ തയാറായില്ല.

വിഷയത്തിൽ തൃശൂരിലും കോട്ടയത്തും പത്തനംതിട്ടയിലും യൂത്ത്കോൺഗ്രസ് നടത്തിയ മാർച്ചിലും സംഘർഷമുണ്ടായി.

# തെറ്റുകാർക്കെതിരെ ശക്തമായി നടപടി: എം.വി.ഗോവിന്ദൻ

## 'അൻവറിന്റെ ആരോപണങ്ങളിൽ വേണ്ടത് ഭരണതലത്തിലുള്ള അന്വേഷണം

തിരുവനന്തപുരം : പി.വി.അൻവർ ഉന്നയിച്ച ആരോപണങ്ങളിൽ സിപിഎം തൽക്കാലം പരിശോധന നടത്തില്ലെന്നും സർക്കാർ തലത്തിലാണു പരിശോധന വേണ്ടതെന്നും പാർട്ടി സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ. സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റിനു ശേഷം മാധ്യമങ്ങളോടു സംസാരിക്കുകയായിരുന്നു എം.വി.ഗോവിന്ദൻ. പി.വി.അൻവർ എഴുതി നൽകിയ പരാതിയിൽ മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി.ശശിക്കെതിരെ പരാമർശമില്ലെന്നും ആ സാഹചര്യത്തിൽ ശശിക്കെതിരെ ഒരു തരത്തിലുള്ള അന്വേഷണത്തിലേക്കും പാർട്ടി കടക്കേണ്ട കാര്യമില്ലെന്നും ഗോവിന്ദൻ പറഞ്ഞു.

ഒന്നാം നമ്പർ ആളുടെ തീരുമാനമില്ലാതെ ഒന്നും നടക്കില്ല; എന്നെ ഭീഷണിപ്പെടുത്തിയത് അജിത്കുമാർ: സ്വപ്ന സുരേഷ്

പരസ്യമായി ആരോപണങ്ങൾ ഉന്നയിച്ച പി.വി.അൻവറിന്റെ നിലപാടിനെയും ഗോവിന്ദൻ വിമർശിച്ചു. ജനപ്രതിനിധിയും പാർലമെന്ററി പാർട്ടി അംഗവുമായ പി.വി.അൻവർ ഇങ്ങനെയായിരുന്നില്ല പ്രശ്നം ഉന്നയിക്കേണ്ടിയിരുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി. അഴിമതി കണ്ടെത്താൻ കെ.ടി.ജലീലിന്റെ സ്റ്റാർട്ടപ്പ് ആവശ്യമില്ലെന്നും സിപിഎം സംസ്ഥാന സെക്രട്ടറി പറഞ്ഞു. മുഖ്യമന്ത്രിക്കു വേണ്ടി എഡിജിപി



എം.ആർ. അജിത്കുമാർ ആർഎസ്എസ് നേതാവിനെ കണ്ടുവെന്ന പ്രതിപക്ഷത്തിന്റെ ആരോപണത്തെ എം.വി.ഗോവിന്ദൻ രൂക്ഷമായി വിമർശിച്ചു. ആർഎസ്എസിന്റെ അക്രമരാഷ്ട്രീയത്തിനെതിരെ ശക്തമായി പോരാടിയാണ് സിപിഎം നിലനിൽക്കുന്നതെന്നും പ്രതിപക്ഷ നേതാവിന്റെ ആരോപണം ശുദ്ധ അസംബന്ധമാണെന്നും എം.വി.ഗോവിന്ദൻ പറഞ്ഞു.

തൃശൂരിൽ എഡിജിപിയെ മുന്നിൽനിർത്തി ബിജെപിയുമായും ആഎസ്എസുമായും ബന്ധമുണ്ടാക്കിയെന്ന ആരോപണം അസംബന്ധമാണെന്ന് എം.വി.ഗോവിന്ദൻ പറഞ്ഞു. "സിപിഎമ്മിന്റെ ശക്തികേന്ദ്രമായ കണ്ണൂരിനെ ദത്തെടുത്ത് പാർട്ടിയെ തകർക്കാൻ ശ്രമം നടത്തിയവരാണ് ആർഎസ്എസ്. ബീഡി തൊഴിലാളികളെ കൊന്നൊടുക്കി. പാർട്ടിയെ ഭീതിപ്പെടുത്താനുള്ള നിലപാടാണ് ആർഎസ്എസ് സ്വീകരിച്ചത്. നിരവധി സഖാക്കളെ കൊന്ന ആർഎസ്എസിനോടു പൊരുതിയാണ് സിപിഎം മുന്നോട്ടുവന്നത്. ആർഎസ്എസുമായി തൃശൂരിൽ ബന്ധമുണ്ടാക്കിയത് കോൺഗ്രസാണ്. നേമത്ത് ഒ.രാജഗോപാൽ ജയിച്ചതും അങ്ങനെയാണ്. കോൺഗ്രസിന് തൃശൂരിൽ 86000ത്തിൽ വോട്ട് കുറയുകയാണ് ചെയ്തത്. സിപിഎമ്മിന് 16000 വോട്ട് കൂടുതൽ കിട്ടി. ബിജെപി ജയിച്ചതിന് ഉത്തരവാദിത്തം കോൺഗ്രസിനാണെന്ന് എല്ലാവർക്കും അറിയാം. അതു മറച്ചുവയ്ക്കാനാണ് ഇപ്പോൾ എഡിജിപിആർഎസ്എസ് ബന്ധത്തിൽ ആരോപണം ഉന്നയിക്കുന്നത്. കോൺഗ്രസിന്റെ വീക്ഷണം പത്രാധിപർ മോഹനവർമ ഇപ്പോൾ ബിജെപിയിൽ ചേർന്നിരിക്കുകയാണ്. അതേദിവസം തന്നെയാണ് പ്രതിപക്ഷ നേതാവ് ആർഎസ്എസ് സിപിഎം ബന്ധത്തെക്കുറിച്ച് കള്ളപ്രചാരവേല നടത്തുന്നത്" എം.വി.ഗോവിന്ദൻ പറഞ്ഞു.

പി.വി.അൻവർ പരാതി എഴുതി നൽകിയിട്ടില്ലെന്നും അതുകൊണ്ടു ശശിയെ സംബന്ധിച്ച് ഒരു തരത്തിലുള്ള അന്വേഷണത്തിലേക്കും പാർട്ടി കടക്കേണ്ടതില്ലെന്നും എം.വി.ഗോവിന്ദൻ പറഞ്ഞു. ഇ.പി.ജയരാജന് എതിരെ ഒരു സംഘടനാ നടപടിയും എടുത്തിട്ടില്ലെന്നും ഇപ്പോൾ നടക്കുന്ന അന്വേഷണത്തിൽ പി.ശശി കുറ്റക്കാരനാണെന്നു കണ്ടെത്തിയാൽ പാർട്ടി നടപടിയെടുക്കുമെന്നും ഗോവിന്ദൻ പറഞ്ഞു. എഡിജിപി എം.ആർ.അജിത്കുമാറിനെ ക്രമസമാധാന ചുമതലയിൽനിന്ന് മാറ്റി നിർത്താത്തതിനെയും പാർട്ടി സംസ്ഥാന സെക്രട്ടറി ന്യായീകരിച്ചു. എഡിജിപിയല്ല, ഡിജിപിയാണ് അന്വേഷിക്കുന്നത്. ഒരു മാസത്തിനുള്ളിൽ വിവരങ്ങൾ പുറത്തുവരും. അതുവരെ കാത്തിരിക്കാമെന്നും എം.വി.ഗോവിന്ദൻ പറഞ്ഞു. ജനപ്രതിനിധിയും പാർലമെന്ററി പാർട്ടി അംഗവുമായ പി.വി.അൻവർ ഇങ്ങനെയായിരുന്നില്ല പ്രശ്നം ഉന്നയിക്കേണ്ടിയിരുന്നതെന്നും എം.വി.ഗോവിന്ദൻ പറഞ്ഞു. അൻവർ പറയുന്നതു കേട്ട് രാഷ്ട്രീയസമരം നടത്തേണ്ടിവരുന്നത് കോൺഗ്രസിന്റെ പരാജയമാണെന്നും ഗോവിന്ദൻ പറഞ്ഞു. അൻവറിന്റെ പിന്നിൽ ആരുമില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

സിനിമാ രംഗത്തെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കാൻ കമ്മിറ്റിയെ നിയോഗിച്ച സംസ്ഥാന സർക്കാരിന്റെ നടപടി ദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ടുവെന്നും എം.വി.ഗോവിന്ദൻ പറഞ്ഞു.

മറ്റു സംസ്ഥാനങ്ങളിലും ഇത്തരത്തിൽ കമ്മിറ്റികൾ രൂപീകരിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. ഹേമ കമ്മിറ്റി റിപ്പോർട്ട് പരിഗണിക്കാൻ പ്രത്യേക ബെഞ്ച് രൂപീകരിച്ച ഹൈക്കോടതി നടപടിയെ സ്വാഗതം ചെയ്യുന്നുവെന്നും ഗോവിന്ദൻ പറഞ്ഞു.

# കെനിയയിൽ ബോർഡിംഗ് സ്കൂളിൽ തീപിടിത്തം; 17 കുട്ടികൾക്ക് ദാരുണാന്ത്യം

നയ്റോബി: സെൻട്രൽ കെനിയയിലെ ബോർഡിംഗ് സ്കൂളിൻറെ ഡോർമെറ്ററിയിലുണ്ടായ തീപിടിത്തത്തിൽ 17 കുട്ടികൾക്ക് ദാരുണാന്ത്യം. 14 പേർക്ക് ഗുരുതരമായി പൊള്ളലേറ്റു.

നയേരി കൗണ്ടിയിലെ ഹിൽസൈഡ് എൻഡരാഷ പ്രൈമറി സ്കൂളിലാണ് തീപിടിത്തമുണ്ടായത്. അഞ്ചിനും പന്ത്രണ്ടിനും ഇടയിൽ പ്രായമുള്ള കുട്ടികളാണ് ബോർഡിംഗ് സ്കൂളിലുണ്ടായിരുന്നത്. മരിച്ചവരെ തിരിച്ചറിയാനായിട്ടില്ല. മരണസംഖ്യ ഇനിയും ഉയർന്നേക്കുമെന്ന് ആശങ്കയുണ്ട്.

തീപിടിത്തത്തിൻറെ കാരണം അന്വേഷിച്ചുവരികയാണെന്നും ആവശ്യമായ നടപടി സ്വീകരിക്കുമെന്നും പോലീസ് വക്താവ് റെസില ഒനിയാംഗോ പറഞ്ഞു. സംഭവത്തിൽ അന്വേഷണം ആരംഭിക്കുന്നതിനായി സിഐഡി ഡെപ്യൂട്ടി ഡയറക്ടർ ജോൺ ഒൻയാങ്കോ, ഹോമിസൈഡ് ഡയറക്ടർ മാർട്ടിൻ ന്യുഗുട്ടോ എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് ഉദ്യോഗസ്ഥരുടെ സംഘത്തെ വിന്യസിച്ചു.

സ്കൂളിൽ അഗ്നിബാധയുണ്ടായത് ഞെട്ടലുണ്ടാക്കിയെന്നും സമഗ്ര അന്വേഷണത്തിന് ഉത്തരവിടുന്നതായും കെനിയൻ പ്രസിഡൻറ് വില്യം റൂട്ടോ എക്സിൽ കുറിച്ചു.

വിദ്യാർഥികൾക്കും അധ്യാപകർക്കും ദുരിതബാധിതരായ കുടുംബങ്ങൾക്കും ആവശ്യമായ എല്ലാ പിന്തുണയും നൽകുന്നുണ്ടെന്നും സ്കൂളിൽ ഹെൽപ് ഡെസ്ക് സജ്ജീകരിച്ചിട്ടുണ്ടെന്നും കെനിയ റെഡ്ക്രോസ് അറിയിച്ചു.

കെനിയൻ ബോർഡിംഗ് സ്കൂളുകളിൽ നേരത്തേയും തീപിടിത്തമുണ്ടായിട്ടുണ്ട്. 2017ൽ തലസ്ഥാനമായ നയ്റോബിയിലെ മോയി ഗേൾസ് ഹൈസ്കൂളിലുണ്ടായ തീപിടിത്തത്തിൽ 10 വിദ്യാർഥികൾ കൊല്ലപ്പെട്ടിരുന്നു.

## വീണ്ടും അട്ടിമറി; ലോക ഒന്നാം നമ്പർ താരത്തെ വീഴ്ത്തി ജെസീക്ക പെഗുല സെമിയിൽ

ന്യൂയോർക്ക്: യുഎസ് ഓപ്പൺ വനിതാ സിംഗിൾസിൽ വീണ്ടും വമ്പൻ അട്ടിമറി. ക്വാർട്ടറിൽ ലോക ഒന്നാംനമ്പർ താരവും നിലവിലെ ചാമ്പ്യനുമായ പോളണ്ടിന്റെ ഇഗ ഷ്വെംതകിനെ അട്ടിമറിച്ച് അമേരിക്കയുടെ ജെസീക്ക പെഗുല സെമിയിൽ പ്രവേശിച്ചു. നേരിട്ടുള്ള സെറ്റുകൾക്കായിരുന്നു ജെസീക്കയുടെ ജയം. സ്കോർ: 62, 64.

വെള്ളിയാഴ്ച നടക്കുന്ന സെമി പോരാട്ടത്തിൽ ചെക്ക് താരം കരോലിന മുച്ചോവയെയാണ് ജെസീക്ക നേരിടേണ്ടത്. നേരത്തെ, ക്വാർട്ടറിൽ ബ്രസീലിയൻ താരം ബിയാട്രിസ് ഹദാദ്മയയെ 61, 64 എന്ന സ്കോറിന് പരാജയപ്പെടുത്തിയാണ് കരോലിന തന്റെ തുടർച്ചയായ രണ്ടാം യുഎസ് ഓപ്പൺ സെമിയിൽ കടന്നത്.

# വയനാടിനുള്ള സമർപ്പണമായി തൃശൂരിൽ പൂക്കളം

തൃശൂർ: അത്തപ്പുലരിയിൽ വടക്കുന്നാഥ ക്ഷേത്രമൈതാനിയിലെ തെക്കേഗോപുരനടയിൽ വയനാടിനുള്ള സമർപ്പണമായി പൂക്കളം തീർത്തു.അത്തം ദിവസം തെക്കേഗോപുര നടയിൽ പതിവായി ഭീമൻ പൂക്കളമിടാറുള്ള സൗഹൃദ ക്കൂട്ടായ്മ ഇത്തവണ വയനാട് ദുരന്തത്തിൻറെ പശ്ചാത്തലത്തിൽ ഭീമൻ പൂക്കളത്തിനു പകരം ചെറിയ പൂക്കളമാണിട്ടത്.

വയനാട്ടിലെ ഉരുൾപൊട്ടലിൽ മൺമറഞ്ഞുപോയവർക്കു വേണ്ടിയുള്ള സമർപ്പണമാണ് ഇത്തവണ തീർത്ത ചെറിയ കളമെന്ന് പൂക്കളം ഒരുക്കുന്നതിന് നേതൃത്വം നൽകിയ സായാഹ്ന സൗഹൃദകൂട്ടായ്മയുടെ ജനറൽ കൺവീനർ അഡ്വ.ഷോബി ടി വർഗീസ് പറഞ്ഞു.ആഘോഷങ്ങളെല്ലാം വേണ്ടെന്ന് വച്ചാണ് ഇത്തവണ ചെറിയ പൂക്കളമിട്ട് ചടങ്ങ് മാത്രമായി നടത്തുന്നത്.




# അഞ്ച് ആശുപത്രികൾക്ക് ദേശീയ ഗുണനിലവാര അംഗീകാരം

## ആകെ 177 ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ.ക്യു.എ.എസ്.

സംസ്ഥാനത്തെ 5 ആശുപത്രികൾക്ക് എൻ.ക്യു.എ.എസ്. (നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാൻഡേർഡ്) അംഗീകാരം ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഒരു ആശുപത്രിയ്ക്ക് പുതുതായി അംഗീകാരവും 4 ആശുപത്രികൾക്ക് പുന:അംഗീകാരവുമാണ് ലഭിച്ചത്. കൊല്ലം ശക്തികുളങ്ങര കുടുംബാരോഗ്യ കേന്ദ്രം 96 ശതമാനം സ്കോർ നേടിയാണ് പുതുതായി അംഗീകാരം നേടിയത്. കൂടുതൽ ആശുപത്രികളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്താനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി മന്ത്രി പറഞ്ഞു.

കണ്ണൂർ പാട്യം കുടുംബാരോഗ്യ കേന്ദ്രം 97 ശതമാനം സ്കോറും, എറണാകുളം വാഴക്കുളം കുടുംബാരോഗ്യ കേന്ദ്രം 93 ശതമാനം സ്കോറും, തൃശ്ശൂർ തളിക്കുളം കുടുംബാരോഗ്യ കേന്ദ്രം 91 ശതമാനം സ്കോറും, മലപ്പുറം ഇരവിമംഗലം നഗര കുടുംബാരോഗ്യ കേന്ദ്രം 90 ശതമാനം സ്കോറും നേടിയാണ് പുന:അംഗീകാരം നേടിയത്.

ഇതോടെ സംസ്ഥാനത്തെ 177 ആശുപത്രികൾ എൻ.ക്യു.എ.എസ്. അംഗീകാരവും 81 ആശുപത്രികൾ പുന:അംഗീകാരവും നേടി. 5 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 9 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 41 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 118 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് എൻ.ക്യു.എ.എസ് അംഗീകാരം നേടിയിട്ടുള്ളത്.

8 വിഭാഗങ്ങളായി 6,500 ഓളം ചെക്ക് പോയിന്റുകൾ വിലയിരുത്തിയാണ് ഒരു ആശുപത്രിയെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നത്. എൻ.ക്യു.എ.എസ്. അംഗീകാരത്തിന് 3 വർഷ കാലാവധിയാണുള്ളത്. 3 വർഷത്തിന് ശേഷം ദേശീയതല സംഘത്തിന്റെ പുന:പരിശോധന ഉണ്ടാകും. കൂടാതെ വർഷാവർഷം സംസ്ഥാനതല പരിശോധനയുമുണ്ടാകും. എൻ.ക്യു.എ.എസ്. അംഗീകാരം ലഭിക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് 2 ലക്ഷം രൂപ വീതവും മറ്റ് ആശുപത്രികൾക്ക് ഒരു കിടക്കയ്ക്ക് 10,000 രൂപ എന്ന നിലയിലും വാർഷിക ഇൻസെന്റീവ് ലഭിക്കും. ആശുപത്രി വികസനത്തിന് ഇത് കൂടുതൽ സഹായിക്കും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



*ടെക്നോപാർക്കിൽ പ്രതിധ്വനി സംഘടിപ്പിച്ച റാവിസ് പ്രതിധ്വനി ഫുട്ബോൾ ടൂർണമെന്റിന്റെ ഫൈനൽ മത്സരങ്ങൾക്ക് തൊഴിൽ പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി തുടക്കം കുറിക്കുന്നു.*

# ടെക്നോപാർക്ക് ഫുട്ബോൾ ടൂർണമെൻറ് : യുഎസ്ടി ഗ്ലോബലും ടാറ്റ എൽക്സിയും ജേതാക്കൾ

തിരുവനന്തപുരം: ഐടി ജീവനക്കാരുടെ ക്ഷേമ സംഘടനയായ പ്രതിധ്വനി സംഘടിപ്പിച്ച ഫുട്ബാൾ ടൂർണമെൻറിലെ പുരുഷന്മാരുടെ മത്സരമായ റാവിസ് പ്രതിധ്വനി സെവൻസിൽ യുഎസ്ടി ഗ്ലോബലും വനിതകളുടെ മത്സരമായ റാവിസ് പ്രതിധ്വനി ഫൈവ്സിൽ ടാറ്റ എൽക്സിയും ജേതാക്കളായി.

ടെക്നോപാർക്കിലെ ഐടി കമ്പനികൾ മത്സരിച്ച ടൂർണമെൻറിൻറെ ഫൈനൽ മത്സരങ്ങളുടെ ഉദ്ഘാടനം പൊതുവിദ്യാഭ്യാസ, തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവഹിച്ചു.റാവിസ് ഹോട്ടൽ ഗ്രൂപ്പ്, യൂഡി പ്രൊമോഷൻസ് എന്നിവയുമായി സഹകരിച്ചാണ് ടൂർണമെൻറ് സംഘടിപ്പിച്ചത്.പുരുഷന്മാരുടെ സെവൻസ് ടൂർണമെൻറിൽ ഒന്നാം സ്ഥാനം നേടിയ ടീമിന് 25,000 രൂപയും എവർറോളിംഗ് ട്രോഫിയും സമ്മാനമായി ലഭിച്ചു. സ്ത്രീകളുടെ ഫൈവ്സ് ടൂർണമെൻറ് ജേതാക്കൾക്ക് പതിനയ്യായിരം രൂപയും ട്രോഫിയുമാണ് സമ്മാനം. ഇതിനുപുറമേ രണ്ടു വിഭാഗക്കാർക്കും റാവിസ് അഷ്ടമുടിയിൽ ഒരു ദിവസത്തെ താമസവും ലഭിക്കും. റാവിസ് ഹോട്ടൽ ഗ്രൂപ്പ്, യൂഡി പ്രൊമോഷൻസ് എന്നിവർ നൽകുന്ന സമ്മാനങ്ങളും വിജയികൾക്ക് ലഭിച്ചു.

ഇന്ത്യൻ ഫുട്ബോൾ ടീമിൽ അംഗമായിരുന്ന എൻ. പി പ്രദീപ്, അയ്യപ്പൻ എൻ ( ജിഎം, ലീല റാവിസ് കോവളം), സാം ഫിലിപ്പ് (ജിഎം, ലീല അഷ്ടമുടി കൊല്ലം), നാഗരാജൻ നടരാജൻ (സിഇഒ ഐഡൈനമിക്സ് & ഡയറക്ടർ യൂഡി) തുടങ്ങിയവർ വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.ടൂർണമെൻറിലെ മികച്ച കളിക്കാരനും കൂടുതൽ ഗോൾ നേടുന്ന കളിക്കാരനും മികച്ച ഗോൾകീപ്പർക്കും പ്രത്യേക പുരസ്കാരങ്ങൾ നല്കി. ഓരോ മത്സരത്തിലെയും മികച്ച കളിക്കാരന് പ്ലേയർ ഓഫ് ദി മാച്ച് ട്രോഫിയും 'യൂഡി' നൽകുന്ന പ്രത്യേക സമ്മാനങ്ങളും ലഭിച്ചു.

ജിജിൻ. എസ് (യുഎസ്ടി) ഫൈനലിലെ പ്ലെയർ ഓഫ് ദി മാച്ച് ആയി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ റോഷൻ റോബിൻസൺ (എച്ച് &ആർ ബ്ലോക്ക്) ഫേസ് 1 ടോപ് സ്കോറർ സമ്മാനം നേടി. ടൂർണമെൻറിലെ ടോപ് സ്കോറർ കൂടിയായ നോളൻ ചാൾസിനെ (യുഎസ്ടി) പ്ലെയർ ഓഫ് ദ ടൂർണമെൻറായി തിരഞ്ഞെടുത്തു. അഖിൽ ദേവ് (അലിയൻസ്) ആണ് സെവൻസ് ടൂർണമെൻറിലെ മികച്ച ഗോൾകീപ്പർ.

കേരളത്തിലെ പ്രമുഖ ഐടി കമ്പനികളെല്ലാം പങ്കെടുക്കുന്ന പ്രതിധ്വനി ടൂർണമെൻറ് ഐടി മേഖലയിലെ ഏറ്റവും വലിയ ഫുട്ബോൾ ടൂർണമെൻറാണ്. 175 മത്സരങ്ങൾ പൂർത്തിയാക്കിയ മൂന്നു മാസക്കാലം നീണ്ടു നിന്ന ടൂർണമെൻറാണ് വ്യാഴാഴ്ച സമാപിച്ചത്.

# ജി.സി.സിയിലും മലേഷ്യയിലും നോർക്ക ലീഗൽ കൺസൾട്ടന്റുരെ ക്ഷണിക്കുന്നു.

സംസ്ഥാന സർക്കാർ സ്ഥാപനമായ നോർക്ക റൂട്ട്സിന്റെ പ്രവാസി നിയമസഹായ പദ്ധതിയിലേയ്ക്ക് കേരളീയരായ ലീഗൽ കൺസൾട്ടന്റുമാരെ ക്ഷണിക്കുന്നു. സൗദി അറേബ്യ (ദമ്മാം, റിയാദ്, ജിദ്ദ), യുഎഇ (ഷാർജ), ഒമാൻ (മസ്കറ്റ്), ഖത്തർ (ദോഹ), മലേഷ്യ (ക്വലാലംപൂർ), ബഹ്റൈൻ (മനാമ), ബഹ്റൈൻ (മനാമ) ഖത്തർ (ദോഹ), മലേഷ്യ (ക്വാലാലംമ്പൂർ) എന്നിവിടങ്ങളിലാണ് ഒഴിവുകൾ. അഭിഭാഷകനായി കേരളത്തിലും അപേക്ഷ നൽകുന്ന രാജ്യത്തും (നിയമമേഖലയിൽ) കുറഞ്ഞത് 2 വർഷം പ്രവൃത്തി പരിചയം ഉള്ള വ്യക്തിയായിരിക്കണം. താൽപര്യമുള്ളവർ ംംം.ിീൃസമൃീീേ.ീൃഴ വെബ്ബ് സൈറ്റ് സന്ദർശിച്ച് അപേക്ഷാഫോറം ഡൗൺലോഡ് ചെയ്യേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷയുടെ സ്കാൻ ചെയ്ത കോപ്പിയും മറ്റ് അനുബന്ധ രേഖകളുടെ പകർപ്പുകളുമായി രലഹ.ിീൃസമ@സലൃമഹമ.ഴീ്.ശി എന്ന ഇമെയിൽ വിലാസത്തിലേയ്ക്ക് 2024 സെപ്റ്റംബർ 20 നകം അപേക്ഷ നൽകേണ്ടതാണ്. വിദേശ രാജ്യങ്ങളിലെ നിയമത്തെക്കുറിച്ചുള്ള അജ്ഞത, ചെറിയ കുറ്റകൃത്യങ്ങൾ എന്നിവ മൂലവും, തന്റേതല്ലാത്ത കാരണങ്ങളാലും നിയമക്കുരുക്കിൽ അകപ്പെടുന്ന പ്രവാസികേരളീയർക്കായി സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കുന്ന പദ്ധതിയാണിത്. കേസുകളിൻമേൽ നിയമോപദേശം, നഷ്ടപരിഹാരം/ദയാഹർജികൾ എന്നിവയിൽ സഹായിക്കുക, മലയാളി സാംസ്ക്കാരിക സംഘടനകളുമായി ചേർന്ന് നിയമ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക, വിവിധ ഭാഷകളിൽ തർജ്ജമ നടത്തുന്നതിന് വിദഗ്ദ്ധരുടെ സഹായം ലഭ്യമാക്കുക, എന്നിവയ്ക്ക് അതാത് രാജ്യത്തെ മലയാളി അഭിഭാഷകരുടെ സേവനം ലഭ്യമാക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. കൂടുതൽ വിവരങ്ങൾക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +918802 012 345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്) ബന്ധപ്പെടാവുന്നതാണ്.

# വനിതാ കമ്മീഷൻ അദാലത്ത് ആദ്യദിനം 40 കേസുകൾ പരിഹരിച്ചു

കേരള വനിതാ കമ്മീഷൻ സംഘടിപ്പിക്കുന്ന തിരുവനന്തപുരം ജില്ലാതല അദാലത്തിന്റെ ആദ്യദിനം 40 കേസുകൾ പരിഹരിച്ചു. ആകെ പരിഗണനയ്ക്ക് വന്ന 200 കേസുകളിൽ ഒൻപതെണ്ണത്തിൽ റിപ്പോർട്ട് തേടി. മൂന്ന് കേസുകൾ കൗൺസിലിംഗിന് അയച്ചു. 148 കേസുകൾ അടുത്ത അദാലത്തിലേക്ക് മാറ്റിവച്ചു. തിരുവനന്തപുരം നഗരത്തിൽനിന്നുള്ള പരാതികളാണ് ഇന്ന് (06) വനിതാ കമ്മീഷൻ പരിഗണിച്ചത്. നഗരത്തിന് പുറത്തുനിന്നുള്ളവരുടെ പരാതികൾ രണ്ടാംദിനമായ നാളെ (07) പരിഗണിക്കും.

തിരുവനന്തപുരം ജവഹർ ബാലഭവനിൽ നടന്ന ആദ്യദിന അദാലത്തിന് വനിതാ കമ്മീഷൻ അധ്യക്ഷ അഡ്വ: പി. സതീദേവി, അംഗങ്ങളായ അഡ്വ: ഇന്ദിരാ രവീന്ദ്രൻ, വി.ആർ. മഹിളാമണി, അഡ്വ: കുഞ്ഞായിഷ എന്നിവർ നേതൃത്വം നൽകി. വനിതാ കമ്മീഷൻ ഡയറക്ടർ ഷാജി സുഗുണൻ ഐ.പി.എസ്, സിഐ ജോസ് കുര്യൻ, എസ്ഐ മിനുമോൾ, അഭിഭാഷകരായ അഡ്വ: കാവ്യ പ്രകാശ്, അഡ്വ: രജിതാ റാണി, അഡ്വ: സൗമ്യ, അഡ്വ: അശ്വതി, കൗൺസിലർ സോണിയ എന്നിവരും അദാലത്തിൽ പരാതികൾ കേട്ടു.

# ബോണക്കാട് എസ്റ്റേറ്റ് ലയങ്ങളുടെ നവീകരണത്തിന് നാലു കോടി രൂപ

തിരുവനന്തപുരം: ബോണക്കാട് എസ്റ്റേറ്റിലെ വാസയോഗ്യമല്ലാത്ത ലയങ്ങളുടെ പുനരുദ്ധാരണത്തിനു നാലു കോടി രൂപ അനുവദിച്ചതായി ധനകാര്യ മന്ത്രി കെ.എൻ. ബാലഗോപാൽ അറിയിച്ചു. സംസ്ഥാനത്തെ ലയങ്ങളിലെ വികസന പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ ബജറ്റിൽ 10 കോടി രൂപ നീക്കിവച്ചിരുന്നു.

ഇതിൽനിന്ന് രണ്ടു കോടി രൂപ അനുവദിച്ചു. ബോണക്കാട്ടെ ലയങ്ങളുടെ പുനരുദ്ധാരണത്തിനായി പ്ലാൻറേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിക്ക് അനുവദിച്ചതും ചെലവഴിക്കാത്തതുമായ തുക ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. ബാക്കി തുക ഈ നിക്ഷേപത്തിൽ നിന്നു വിനിയോഗിക്കാനും അനുമതി നൽകി. എസ്റ്റേറ്റിലെ ബി എ 1, ബി എ 2, ജി ബി, ടോപ്പ് ഡിവിഷനുകളിലെ ലയങ്ങൾ പുതുക്കിപ്പണിയുന്നത്. പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ചുമതല ജില്ലാ നിർമിതി കേന്ദ്രത്തിനായിരിക്കും. 2015 മാർച്ചിൽ ബോണക്കാട് എസ്റ്റേറ്റിൻറെ പ്രവർത്തനം പൂർണമായും അവസാനിച്ചിരുന്നു. തുടർന്ന് അറ്റകുറ്റപണികൾപോലും നടക്കാത്ത ലയങ്ങളിലാണു തൊഴിലാളി കുടുംബങ്ങൾ താമസിക്കുന്നത്. ഇവരുടെ ദുരിതാവസ്ഥയ്ക്ക് പരിഹാരം വേണമെന്ന ദീർഘകാല ആവശ്യമാണ് സർക്കാർ അംഗീകരിച്ചത്.

# സാധാരണക്കാരുടെ ഹൃദയത്തുടിപ്പ് മനസിലാകാത്ത ഭീകര ജീവിയാണ് മുഖ്യമന്ത്രി: കെ.സുധാകരൻ എംപി

നാട്ടിലെ സാധാരണക്കാരുടെ ഹൃദയത്തുടിപ്പ് മനസിലാക്കാൻ പോലുംകഴിയാത്ത ഒരു ഭീകര ജീവിയാണ് മുഖ്യമന്ത്രി പിണറായി വിജയനെന്നും ഇതുപോലൊരു മുഖ്യമന്ത്രിയെ വെച്ച് ഒരു ദിവസം പോലും മുന്നോട്ട് പോകാനാകില്ലെന്നും കെപിസിസി പ്രസിഡന്റ് കെ.സുധാകരൻ പറഞ്ഞു. സെക്രട്ടറിയേറ്റ് പ്രതിഷേധ മാർച്ചിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുക ആയിരുന്നു അദ്ദേഹം.

പിണറായി വിജയന്റെ എട്ടുവർഷത്തെ ഭരണം കൊണ്ട് സ്ത്രീ സുരക്ഷ ഇല്ലാതാക്കിയെന്നതാണ് അദ്ദേഹത്തിന്റെ ഭരണനേട്ടം. സാധാരണക്കാരന്റെ പ്രശ്നങ്ങളെ അഭിമുഖീകരിക്കാത്ത സർക്കാരാണിത്.ക്രമസമാധാന പരിപാലനം പാടെ തകർന്നു. പരാതിയുമായി പോലീസ് സ്റ്റേഷനുകളിൽ സ്ത്രികൾക്ക് പോലും പോകാൻ കഴിയാത്ത അവസ്ഥ. പരാതിയുമായി പോലീസിനെ സമീപിച്ച സ്ത്രീയെ എസ്പിയും ഡിവൈഎസ്പിയും സി ഐയും ചേർന്ന് പീഡിപ്പിച്ചെന്ന ഞെട്ടിക്കുന്ന വാർത്തയാണ് മാധ്യമങ്ങളിലൂടെ പുറത്തുവന്നത്. അതിൽ ആരോപണവിധേയനായ എസ്.പി മുഖ്യമന്ത്രിയെ വിശേഷിപ്പത് അങ്കിളെന്നാണ്. ഇതാണ് ആഭ്യന്തരവകുപ്പിലെ അവസ്ഥ.പോലീസുകാരെ നിയന്ത്രിക്കാൻ മുഖ്യമന്ത്രിക്ക് കഴിയുന്നില്ല.ചക്കിക്കൊത്ത ചങ്കരൻ എന്ന പോലെയാണ് മുഖ്യമന്ത്രിക്കൊത്ത പോലീസുകാർ. നീതിയും ന്യായവും ഇവിടെയില്ല. കഴിവുകെട്ട മുഖ്യമന്ത്രിയാണ് കേരളം ഭരിക്കുന്നത്. മുഖ്യമന്ത്രിയുടെ നിയമവിരുദ്ധ പ്രവർത്തികൾക്ക് സംരക്ഷണം ഒരുക്കുന്ന പോലീസ് ഉദ്യോഗസ്ഥർ അദ്ദേഹത്തിന്റെ ദൗർബല്യമാണ്.

മാഫിയകളുടെ സംരക്ഷനായി പ്രവർത്തിക്കുന്ന മുഖ്യമന്ത്രി രാജിവെയ്ക്കണം.ഞാൻ,എന്റെ കുടുംബം,എന്റെ സമ്പത്ത് എന്നത് മാത്രമാണ് മുഖ്യമന്ത്രി പിണറായി വിജയന്റെ ലക്ഷ്യം. മക്കൾക്കും കുടുംബത്തിനും പണം ഉണ്ടാക്കുന്നതിനൊപ്പം നാട്ടിൽ ജനങ്ങൾക്ക് സമാധാനപരമായി ജീവിക്കാനുള്ള സാഹചര്യം കൂടി ഒരുക്കണം. മുമ്പും നിരവധി എൽഡിഎഫ് സർക്കാരുകൾ അധികാരത്തിൽ വന്നിട്ടുണ്ട്. ആ ഭരണത്തെയൊന്നും ഇതുപോലെ കോൺഗ്രസുകാർ വിമർശിച്ചിട്ടില്ല.അവരൊക്കെ സാധാരണക്കാരന്റെ വികാരം ഉൾക്കൊണ്ടവരായിരുന്നെന്നും സുധാകരൻ ചൂണ്ടിക്കാട്ടി.

ഒന്നുകിൽ മുഖ്യമന്ത്രിയെ മാറ്റാൻ സിപിഎം തീരുമാനിക്കണം. അല്ലെങ്കിൽ പൊതുജനം അതിന് തയ്യാറാകും. വരുംദിവസങ്ങളിൽ പ്രക്ഷോഭത്തിന്റെ തീച്ചുളയിൽ ഈ സർക്കാരിനെ ചുട്ടുകരിക്കും. കഴിഞ്ഞ ദിവസം യൂത്ത് കോൺഗ്രസുകാർ നടത്തിയത് അവകാശ സമരമാണ്. എന്റെ കുട്ടികളെ പൊലീസ് വളഞ്ഞുവച്ച് കൈയും തലയും അടിച്ചു പൊട്ടിയ്ക്കുകയാണ്. പൊലീസുകാരുടെ തോന്ന്യവാസം അവസാനിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ മുഖ്യമന്ത്രി രാജിവയ്ക്കണം. രാജിവെച്ചില്ലെങ്കിൽ പിണറായി വിജയനെ അടിച്ചുപുറത്താക്കാൻ കേരളത്തിലെ ജനങ്ങൾ രംഗത്തുവരും. ആ പ്രക്ഷോഭത്തിന് കോൺഗ്രസ് നേതൃത്വം നൽകുമെന്നും കെ.സുധാകരൻ പറഞ്ഞു.

# പ്രതിഷേധ കടലായി കോൺഗ്രസ് സെക്രട്ടറിയേറ്റ് മാർച്ച്

മുഖ്യമന്ത്രിയുടെ രാജിയാവശ്യപ്പെട്ട് കോൺഗ്രസിന്റെ നേതൃത്വത്തിൽ നടത്തിയ സെക്രട്ടറിയേറ്റ് മാർച്ചിൽ പ്രതിഷേധം ഇരമ്പി. മാഫിയ സംരക്ഷകനായി പ്രവർത്തിക്കുന്ന മുഖ്യമന്ത്രി രാജിവെയ്ക്കുക, മുഖ്യമന്ത്രിയുടെ ഓഫീസിലെ ക്രിമിനലുകളെ പുറത്താക്കുക, കേസ് അന്വേഷണം സിബിഐക്ക് വിടുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് കോൺഗ്രസിന്റെ നേതൃത്വത്തിൽ സെക്രട്ടറിയേറ്റിലേക്ക് പ്രതിഷേധ മാർച്ച് നടത്തിയത്.

എംഎൽഎ ഹോസ്റ്റലിന് മുന്നിലെ ആശാൻസ്ക്വയറിൽ നിന്നും രാവിലെ 11.30ന് ആരംഭിച്ച പ്രതിഷേധ മാർച്ചിൽ ആയിരങ്ങൾ പങ്കെടുത്തു.

കെപിസിസി പ്രസിഡന്റ് കെ.സുധാകരൻ എംപി, പ്രതിപക്ഷനേതാവ് വിഡി സതീശൻ,എഐസിസി ജനറൽ സെക്രട്ടറി ദീപദാസ് മുൻഷി, എഐസിസി സെക്രട്ടറിമാരായ പി.വി.മോഹൻ,വി.കെ.അറിവഴകൻ,മൻസൂർ അലിഖാൻ,കെപിസിസി സംഘടനാ ജനറൽ സെക്രട്ടറി എം.ലിജു തുടങ്ങിയവർ പ്രതിഷേധ മാർച്ചിന് നേതൃത്വം നൽകി.കെപിസിസി ഭാരവാഹികൾ,രാഷ്ട്രീയകാര്യ സമിതി അംഗങ്ങൾ,എംപിമാർ,എംഎൽഎമാർ,ഡിസിസി പ്രസിഡന്റുമാർ,കെപിസിസി അംഗങ്ങൾ,തിരുവനന്തപുരം,കൊല്ലം,പത്തനംതിട്ട ജില്ലകളിൽ നിന്നുള്ള ഡിസിസി,ബ്ലോക്ക്,മണ്ഡലം,ബൂത്ത് തലംവരെയുള്ള മുഴുവൻ നേതാക്കളും പ്രവർത്തകരും പ്രതിഷേധമാർച്ചിൽ അണിനിരന്നു.

സെക്രട്ടറിയേറ്റിന് മുന്നിൽ നടന്ന പൊതുസമ്മേനത്തിൽ കെപിസിസി പ്രസിഡന്റ് കെ.സുധാകരൻ എംപി അധ്യക്ഷത വഹിച്ചു. എഐസിസി ജനറൽ സെക്രട്ടറി ദീപദാസ് മുൻഷി പ്രതിഷേധ മാർച്ച് ഉദ്ഘാടനം ചെയ്തു.

പ്രതിപക്ഷനേതാവ് വിഡി സതീശൻ,യുഡിഎഫ് കൺവീനർ എംഎം ഹസൻ എന്നിവർ പ്രസംഗിച്ചു. കെപിസിസി ജനറൽ സെക്രട്ടറി എം.ലിജു സ്വാഗതവും ഡിസിസി പ്രസിഡന്റ് പാലോട് രവി നന്ദിയും പറഞ്ഞു.

# എൽഡിഎഫ് സർക്കാരിന്റെ അഴിമതിഭരണത്തിന് അവസാനം കുറിക്കുന്ന മണിമുഴങ്ങിക്കഴിഞ്ഞു: ദീപദാസ് മുൻഷി

അഴിമതിയിൽ മുങ്ങിക്കുളിച്ച എൽഡിഎഫ് സർക്കാരിന്റെ അവസാനം കുറിക്കുന്ന മണിമുഴങ്ങിക്കഴിഞ്ഞെന്നും അതിനുള്ള തുടക്കമാണ് സെക്രട്ടറിയേറ്റിലേക്ക് കോൺഗ്രസ് നടത്തിയ പ്രതിഷേധ മാർച്ചെന്നും എഐസിസി ജനറൽ സെക്രട്ടറി ദീപദാസ് മുൻഷി. പ്രതിഷേധമാർച്ച് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുക ആയിരുന്നു ദീപദാസ് മുൻഷി.

അപകടകരമായ അവസ്ഥയിലൂടെയാണ് ഇടതുഭരണത്തിൽ കേരളം കടന്ന് പോകുന്നത്. സ്ത്രീകൾക്കെതിരായ അതിക്രമം പെരുകി. എല്ലാത്തരം ക്രിമിനലുകളായ ഉദ്യോഗസ്ഥരെയും മുഖ്യമന്ത്രിയും സിപിഎമ്മും സംരക്ഷിക്കുകയാണ്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്തും ഇപ്പോഴും അതേ നില തുടരുകയാണ്. ഹിന്ദി സിനിമകളിലെ വില്ലനെപ്പോലെയാണ് എഡിജിപി അജിത് കുമാർ. ഈ ഉദ്യോഗസ്ഥൻ നടത്തുന്ന എല്ലാ നിയമവിരുദ്ധ പ്രവർത്തികൾക്കും മുഖ്യമന്ത്രി പൂർണ്ണ സംരക്ഷണം ഒരുക്കുന്നു. ഭരണതലത്തിൽ നടക്കുന്ന അഴിമതികളെയും ക്രിമിനൽ പ്രവർത്തനങ്ങളെയും പരസ്യമായി ഭരണകക്ഷി എംഎൽഎ തന്നെ ചോദ്യം ചെയ്യുന്ന ഗതിക്കെട്ട അവസ്ഥ.പിണറായി സർക്കാരിന്റെ ദുർഭരണം അവസാനിപ്പിക്കാനുള്ള സമരമുഖത്താണ് യുഡിഎഫ്. അടുത്ത നിയമസഭാ തിരഞ്ഞെടുപ്പോടെ ഈ പോരാട്ടം ഫലം കാണും. എൽഡിഎഫ് സർക്കാരിന്റെ ദുർഭരണത്തിൽ നിന്നും കേരളത്തെ രക്ഷിക്കാൻ യുഡിഎഫിന് മാത്രമെ സാധിക്കൂയെന്ന് ജനം വിശ്വസിക്കുന്നുയെന്നും ദീപദാസ് മുൻഷി പറഞ്ഞു.

# തിരുവനന്തപുരത്ത് ഓണാഘോഷം 13 മുതൽ

തിരുവനന്തപുരം: തിരുവനന്തപുരത്ത് ഏഷ്യാനെറ്റ് ന്യൂസും മൈത്രി അഡ്വർടൈസിംഗ് വർക്സും ചേർന്ന് സംഘടിപ്പിക്കുന്ന വിപുലമായ ഓണാഘോഷം ഓണക്കൂട്ടായ്മ 13 മുതൽ 22 വരെ നടക്കും. കനകക്കുന്നിലും നിശാഗന്ധിയിലുമായാണ് ഓണാഘോഷ പരിപാടികൾ നടക്കുക. ഓണത്തിൻറെ ആവേശം ഉൾക്കൊണ്ടുകൊണ്ടും പൊലിമ നഷ്ടപ്പെടാതെയുമുള്ള ഒട്ടേറെ പരിപാടികളാണ് ഓണാഘോഷത്തോടനുബന്ധിച്ച് തയാറാകുന്നത്.

കനകക്കുന്നും പരിസരവും ആകർഷകമായ രീതിയിൽ അണിയിച്ചൊരുക്കുകയും പൂർണമായും ദീപാലംകൃതമാക്കുകയും ചെയ്യും. എല്ലാ ദിവസവും വൈകുന്നേരം സ്റ്റേജ് ഷോകൾ ഉൾപ്പെടെയുള്ള കലാപരിപാടികൾ നിശാഗന്ധിയിൽ നടത്തും.

പ്രാദേശിക കലാകാരന്മാർ, റസിഡൻറ്സ് അസോസിയേഷനുകൾ തുടങ്ങി സമൂഹത്തിൻറെ വിവിധ മേഖലകളിലുള്ളവരുടെ സഹകരണത്തോടെയാണ് ഓണക്കൂട്ടായ്മയ്ക്ക് അരങ്ങൊരുക്കുന്നത്. കനകക്കുന്നു കൊട്ടാരപരിസരത്തെ മിനിസ്റ്റേജിലൊരുക്കുന്ന വിവിധ കലാപരിപാടികളിലൂടെ അഞ്ഞൂറിൽപരം പ്രാദേശിക കലാകാരന്മാർ!ക്കാണ് അവസരങ്ങൾ ലഭിക്കുക. ഓണാഘോഷത്തിൻറെ പാരമ്പര്യവും സമകാലികമായ ട്രെൻഡുകളും ഉൾക്കൊണ്ട് യുവാക്കൾക്കും കുടുംബങ്ങൾക്കും ഒരുപോലെ ആകർഷകമായ രീതിയിലാണ് ആഘോഷ അന്തരീക്ഷം ഒരുക്കുക.

അമ്യൂസ്മെൻറ് പാർക്ക്, വിവിധ സ്ഥാപനങ്ങളുടെ ട്രേഡ് ഫെയർ, ഭക്ഷ്യമേള, പെറ്റ്സ് പാർക്ക് തുടങ്ങിയവയും ഉണ്ടാകും. കനകക്കുന്ന് പരിസരത്തെ മിനി സ്റ്റേജിലും കലാപരിപാടികളുണ്ടാകും. തിരുവാതിര, നാടോടിനൃത്തം, ഓണപ്പാട്ട്, നാടൻപാട്ട്, കൊറിയോനൈറ്റ്, ബാറ്റിൽ ഓഫ് ബാൻഡ്സ്, റീൽസ് പ്രൊഡക്ഷൻ തുടങ്ങിയ ഇനങ്ങളിൽ മത്സരങ്ങളും നടത്തും.

മത്സരങ്ങളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന സംഘടനകൾ, റസിഡൻറ്സ് അസോസിയേഷനുകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ തുടങ്ങിയവർ 8593 964330 എന്ന നമ്പറിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യണം. ഒപ്പം ഓണക്കൂട്ടായ്മ എന്ന ഇൻസ്റ്റാ പേജു വഴിയും പേരുകൾ നൽകാം. സൂര്യകാന്തിയിൽ നടത്തുന്ന ഫുഡ് ഫെസ്റ്റിവലിൽ പങ്കെടുക്കാൻ താൽപര്യമുള്ള സ്ഥാപനങ്ങളും വ്യക്തികളും കുടുംബശ്രീ യൂണിറ്റുകളും 97428884 38 എന്ന നമ്പറിൽ ബന്ധപ്പെടണം.

പ്രവേശന ടിക്കറ്റിലൂടെ ലഭിക്കുന്ന പണത്തിൻറെ ഒരു ഭാഗം വയനാട്ടിലെ പ്രകൃതിക്ഷോഭത്തെ തുടർന്ന് ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്യുമെന്ന് മൈത്രി അഡ്വർടൈസിംഗ് വർക്സ് മാനേജിംഗ് ഡയറക്ടർ രാജു മേനോൻ, ഏഷ്യാനെറ്റ് ന്യൂസ് ഡയറക്ടർ ആൻഡ് ബിസിനസ് ഹെഡ് ഫ്രാങ്ക് പി. തോമസ്, സീനിയർ വൈസ് പ്രസിഡന്റ് ബി.കെ. ഉണ്ണിക്കൃഷ്ണൻ, എക്സിക്യൂട്ടീവ് എഡിറ്റർ സിന്ധു സൂര്യകുമാർ എന്നിവർ പറഞ്ഞു.